ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കണമെന്ന ഈ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ അഭിലാഷം സാക്ഷാത്ക്കരിക്കുന്നതിനായി സാധ്യതാപഠനം നടത്തുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി അയച്ചുതരുന്നതിനായി ചീഫ് എൻജിനീയറോട് നിർദ്ദേശിക്കുന്നതാണ്. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് സാധ്യതാപഠനം നടത്തുന്നതിനാവശ്യമായ ഭരണാനുമതി നൽകുന്നതുമാണ്.

(12) നിക്ഷിപ്ത വനഭൂമി സ്വകാര്യ പാട്ടഭൂമിയാക്കി മാറ്റിയ നടപടി

ശ്രീ. പി. കൃഷ്ണപ്രസാദ്: സർ, വയനാട്ടിലെ കാഞ്ഞിരംകാട് വില്ലേജിൽ നിക്ഷിപ്ത വനഭൂമി രേഖകൾ തിരുത്തി സ്വകാര്യഭൂമിയാക്കി മാറ്റിയ സംഭവമാണ് അവതരിപ്പിക്കാനുള്ളത്. ഇന്നത്തെ ഇൻഡ്യൻ എക്സ്പ്രസ്സ് പത്രത്തിൽ വളരെ പ്രാധാന്യത്തോടെ ഈ വാർത്ത വന്നിട്ടുണ്ട്. OA 356/1976-ാം നമ്പർ കേസിൽ 18-2-1985-ൽ ഫോറസ്റ്റ് ട്രിബ്യൂണൽ പുറപ്പെടുവിച്ച വിധിയിൽ സർവ്വേ നമ്പർ 238/9-ൽപ്പെട്ട ഭൂമി നിക്ഷിപ്ത വനഭൂമിയാണെന്ന് പറയുന്നുണ്ട്. പ്രസ്തുത ഭൂമി നിക്ഷിപ്ത വനഭൂമിയായി സംരക്ഷിക്കുന്നതാണെന്ന് ഈ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതും ഈ ഭൂമി നിക്ഷിപ്ത വനഭൂമിയാണെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുള്ളതുമാണ്. 1950-ലെ കേന്ദ്ര സർക്കാരിന്റെ കൺസർവേഷൻ ഓഫ് ഫോറസ്റ്റ് ആക്ട് പ്രകാരം ഇത് സംരക്ഷിക്കേണ്ട വനഭൂമിയാണെന്നാണ് ഫോറസ്റ്റ് വകുപ്പ് അവകാശപ്പെട്ടിരുന്നത്. എന്നാൽ 5-10-2007-ൽ കോഴിക്കോട് ഫോറസ്റ്റ് മിനി സർവ്വേ അസിസ്റ്റന്റ് ഡയറക്ടർ നോർത്ത് വയനാട് ഡി. എഫ്. ഒ.-ക്ക് നൽകിയ റിപ്പോർട്ടിൽ 238/9 സബ്ഡിവിഷനിൽ 9-ാം കോളത്തിൽ വെസ്റ്റഡ് ഫോറസ്റ്റ് എന്നത് തിരുത്തി, റയട്ട്വാരി അൺഡെവലപ്ഡ് (RUD) അഥവാ തരിശായി കിടക്കുന്ന പാട്ടഭൂമി എന്നാക്കി മാറ്റി. ആ റിപ്പോർട്ടാണ് എന്റെ കൈവശമുള്ളത്. നിയമസഭയേയും ഹൈക്കോടതിയേയും ഗവൺമെന്റ് ഓഫ് ഇൻഡ്യയേയും എല്ലാം കബളിപ്പിച്ചുകൊണ്ട് വനംവകുപ്പ് നിക്ഷിപ്ത വനഭൂമി എന്ന് അവകാശപ്പെടുന്ന ഭൂമി വനം വകുപ്പിന്റെ തന്നെ രേഖയിൽ സ്വകാര്യ പാട്ടഭൂമിയാക്കി മാറ്റിയത് ഗുരുതരമായ കുറ്റകൃത്യമാണ്. 5-10-2007-ലെ റിപ്പോർട്ടിൽ പ്രസ്തുത സബ്ഡിവിഷൻ സ്റ്റേറ്റ്മെന്റിൽ അസിസ്റ്റന്റ് ഡയറക്ടർ ഫോറസ്റ്റ് മിനി സർവ്വേ, കണ്ണൂർ ഒപ്പിട്ടിട്ടില്ല എന്നാണ് പറയുന്നത്. സബ്ഡിവിഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ട അധികാരമുള്ള ഉദ്യോഗസ്ഥന്റെ ഒപ്പില്ലാത്ത കൃത്രിമ രേഖയാണ് ഇതെന്നാണ് ഇതിലൂടെ തെളിയുന്നത്. ഈ സബ്ഡിവിഷൻ സ്റ്റേറ്റ്മെന്റിന്റെ വിശദമായ പകർപ്പാണ് എന്റെ കൈവശമുള്ളത്. 5-10-2007-നുശേഷം രണ്ടരക്കൊല്ലം കഴിഞ്ഞു. കേരളത്തിലെ ഉന്നത ഉദ്യോഗസ്ഥന്മാരായ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശ്രീ. റ്റി. എം. മനോഹരൻ അതുപോലെ കോഴിക്കോട് സി. സി. എഫ്. ശ്രീ. ആർ. എസ്. ശുക്ല തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരുടെ പരിഗണനയ്ക്ക് നിരവധി തവണ പ്രസ്തുത റിപ്പോർട്ടും ഈ പരാതികളുമെല്ലാം വന്നിട്ടും കുറ്റക്കാരെ കണ്ടെത്താനോ, കൃത്രിമം നടന്നത് തിരുത്താനോ തയ്യാറാകാത്തത് സംശയകരമാണ്. കുറ്റംചെയ്യുന്നവരെ സംരക്ഷിക്കാൻ എത്ര ഉയർന്ന ഉദ്യോഗസ്ഥർ ശ്രമിച്ചാലും വിട്ടുവീഴ്ച ചെയ്യരുതെന്നാണ് ഇതുസംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സർവ്വേ നമ്പർ 238/1 ജന്മഭൂമിയാണ്. പ്രസ്തുത സർവ്വേ നമ്പരിൽ 1987-ലെ റവന്യൂ രജിസ്റ്ററിൽ നിക്ഷിപ്ത വനഭൂമി ഇല്ല. എന്നാൽ നിലവിലുള്ള രജിസ്റ്ററിൽ 143.17 ഏക്കർ വെസ്റ്റഡ് ഫോറസ്റ്റായി കാണിക്കുന്നു. യഥാർത്ഥത്തിൽ ഇത്രയും ഫോറസ്റ്റ് ആ സർവ്വേ നമ്പരിൽ ഇല്ല. 1977-ലെ നോട്ടിഫിക്കേഷൻ പ്രകാരം ഐറ്റം നമ്പർ 117-ൽ സർവ്വേ നമ്പർ 1151 പാർട്ടിൽ 13 ഏക്കർ 85 സെന്റ് സ്ഥലം വനഭൂമിയായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. എന്നാൽ വില്ലേജ് ഓഫീസിലെ റെമിഷൻ രജിസ്റ്ററിൽ പ്രസ്തുത ഭൂമി വനഭൂമിയായി സംരക്ഷിക്കുന്നില്ല. ഒരൊറ്റ വില്ലേജിൽ മാത്രമാണ് ഇത്രയും ഗുരുതരമായ കുറ്റകൃത്യമുണ്ടായത്. ഇതുസംബന്ധിച്ച് വനംവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ സത്യസന്ധമായി അന്വേഷിച്ച് വസ്തുതകൾ പുറത്തുകൊണ്ടുവരുമെന്നും കുറ്റവാളികളെ കണ്ടെത്തി ശിക്ഷാനടപടി സ്വീകരിക്കുമെന്നും കരുതാൻ നിലവിലുള്ള സ്ഥിതിയിൽ കഴിയില്ല. ആയതിനാൽ ഈ വിഷയത്തിൽ ഒരു സ്വതന്ത്ര അന്വേഷണത്തിന് തയ്യാറാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, ഇതിൽ ഗവൺമെന്റ് നയം വളരെ വ്യക്തമാണ്. എവിടെയും ഒരു സാഹചര്യത്തിലും ഒരു സെന്റ് വനഭൂമിപോലും അന്യാധീനപ്പെട്ടുപോകാൻ പാടില്ല. രേഖകകളിലൊന്നും കൃത്രിമത്വമുണ്ടാകാൻ പാടില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ പറഞ്ഞ കാര്യം എൺപതുകളിൽ സംഭവിച്ച ചില വീഴ്ചകളെപ്പറ്റിയാണ്. ആ വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അത് തീർച്ചയായും ഗൗരവമേറിയ കാര്യമാണ്. വനംവകുപ്പ് രേഖകളിൽ പറയുന്ന പ്രകാരമാണെങ്കിൽ അത്തരം വീഴ്ചയുണ്ടായിട്ടില്ല. എന്തായാലും വനം വകുപ്പിലെ രേഖകൾ, റവന്യൂ രേഖകൾ, സർവ്വേ രേഖകൾ ഇതെല്ലാമായി ബന്ധപ്പെട്ട ഒരു വിമർശനമുണ്ടായ സാഹചര്യത്തിൽ അന്വേഷണം വേണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതുകൊണ്ട് ചീഫ് സെക്രട്ടറി ഇതേപ്പറ്റി അന്വേഷിക്കുമെന്നാണ് എനിക്ക് അറിയിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

V റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി ഏഴാമത് റിപ്പോർട്ട്

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഇരുപത്തി ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VI ധനകാര്യം

2010-2011 സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, 2010-11 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.